(സി) 21-8-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 286/2013/ത.സ്വ.ഭ.വ. പ്രകാരം കിലയെ കൽപ്പിത സർവ്വകലാശാലയാക്കി വികസിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. കില ഡയറക്ടർ ഡോ. പി. പി. ബാലനെ കില കല്പിത സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. സർവ്വകലാശാലയായി വികസിപ്പിക്കുന്ന ആവശ്യത്തിനുള്ള ഭൂമി ആർജ്ജിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2015-16 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കിലയെ സർവ്വകലാശാല ആക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കെട്ടിട നമ്പർ

289 (T* 3269) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബോട്ടുജെട്ടിയുടെ സമീപത്തുള്ള സ്ഥലത്ത് ടൂറിസം വകുപ്പ് നിർമ്മിച്ച വിശ്രമകേന്ദ്രത്തിനും കടമുറികൾക്കും കെട്ടിട നമ്പർ ഇട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ;

(ബി) കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റിന്റെ വിശദാംശവും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ബോട്ടുജെട്ടിയുടെ സമീപത്ത് ഡി.റ്റി.പി.സി.-യുടെ 4 കെട്ടിടങ്ങൾക്കും മാതാജെട്ടിക്ക് സമീപമുള്ള ഒരു വിശ്രമ കേന്ദ്രത്തിനും കെട്ടിട നമ്പർ നൽകിയിട്ടില്ല. എന്നാൽ ബോട്ടുജെട്ടിക്കു സമീപത്തുള്ള ഡി.റ്റി.പി.സി.-യുടെ കടമുറികൾക്ക് നമ്പർ നൽകിയിട്ടുണ്ട്. നിയമാനുസൃതം പ്ലാൻ മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കാത്തതിനാലാണ് നമ്പർ നൽകിയിട്ടില്ലാത്തത്.

മാലിന്യ സംസ്കരണ കമ്പനി

290 (3270) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനാവുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതി ലക്ഷ്യമാക്കി 'ക്ലീൻകേരള കമ്പനി' എന്ന കമ്പനി രൂപീകരിക്കുകയും 2013 ഡിസംബർ 10-ാം തീയതി 1956-ലെ കമ്പനീസ് ആക്ട് പ്രകാരം കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പത്ത് കോടി രൂപ മൂലധനം കണക്കാക്കി സിയാൽ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്പനിയിൽ 26% സർക്കാർ ഓഹരിയും ബാക്കി ഓഹരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സ്വരൂപിക്കാനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കമ്പനിയുടെ ഷെയർ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നതു പ്രകാരം 4 കോടി 70 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ലഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്ന് 4,99,000 രൂപയും സ്വകാര്യ വ്യക്തികളുടെ ഓഹരിയായി 2,000 രൂപയും ഉൾപ്പെടെ 4,75,01,000 രൂപ കമ്പനിക്ക് ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതിയാണ് കമ്പനി ലക്ഷ്യമിടുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതികൾ നടപ്പാക്കുക, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നിവ കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. താഴെപ്പറയുന്ന 5 മേഖലകളിലാണ് പ്രാരംഭ ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

1. കള്ളസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ.
2. മാലിന്യങ്ങളിൽനിന്നും പ്രകൃതി വാതകങ്ങളുടെ ഉല്പാദനവും ബോട്ടിലിംഗും.
3. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം.

LIBRARY ARCHIVES Kerala Legislative Assembly

4. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം.

5. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകൾ റെയിൽവേയുടെ സാമ്പത്തിക സഹായത്തോടെ ക്ലീൻ ചെയ്യുന്ന പദ്ധതി.

(ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ, അർദ്ധസർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

മലിനജല സംസ്കരണം

291 (3272) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത് ;

(ഡി) എതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ സ്വീവറേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് കേരള സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി (JNNRUM, ADB) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വീവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ സ്വീവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly